<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ആലപ്പുഴ മണ്ഡലത്തിലെ വിമൻസ് ഫെസിലിറ്റേഷൻ സെന്റർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിമൻസ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | **2019-20സാമ്പത്തിക വർഷത്തെ പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ നഗരസഭയിൽ നടപ്പാക്കുന്നതിനായി 14.23 കോടി രൂപ അനുവദിച്ചുകൊണ്ട് എംപവേഡ് കമ്മിറ്റി അംഗീകരിച്ച 'വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ' എന്ന പദ്ധതിക്ക് 02/11/2019 തീയതിയിലെ സ.ഉ.(സാ.ധാ)നം.6338/2019/GAD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആദ്യഡഡു തുകയായ 711.67 ലക്ഷം രൂപ (കേന്ദ്ര വിഹിതം 427 ലക്ഷം + സംസ്ഥാന വിഹിതം 284.67 ലക്ഷം രൂപ) റിലീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതി ആരംഭിക്കുന്നതിന് CRZ ക്ലിയറൻസ് ആവശ്യമായി വരുകയും ക്ലിയറൻസ് ലഭിക്കുന്നതിന് F.A.R പെർമിസിബിൾ ലിമിറ്റ് 1.5 നുള്ളിൽ ഗ്രൗണ്ട് ഫ്ലോർ +4 പ്ലാനിൽ നിന്നും 1 നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 എന്ന രീതിയിൽ റിവൈസ് പ്രൊപ്പോസൽ സമർപ്പിച്ച് C.R.Z ക്ലിയറൻസ് ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07.03.2024-ന് ചേർന്ന 41-ാമത് എംപവേർഡ് കമ്മിറ്റി ആലപ്പുഴ ജില്ലയിലെ ബീച്ച് റോഡിൽ പണിയുന്ന F.A.R പെർമിസിബിൾ ലിമിറ്റ് 1.5 നുള്ളിൽ ഗ്രൗണ്ട് ഫ്ലോർ +4 പ്ലാനിൽ നിന്നും 1 നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 എന്ന രീതിയിൽ സമർപ്പിച്ച റിവൈസ് പ്രൊപ്പോസൽ 17-ാമത് എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയ അതേ തുകയ്ക്ക് (14.23 കോടി രൂപ) തന്നെ അംഗീകാരം നൽകുകയും, Women Empowerment and Facilitation Centre എന്ന പ്രവൃത്തിയുടെ ഘടനയിൽ മാറ്റം വന്നതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്കു 02/11/2019 തീയതിയിലെ സ .ഉ (സാ.ധാ)നം.6338/2019/GAD പ്രകാരം** |

| | | | |
|---|---|---|---|
| | | | **അംഗീകാരം നൽകിയ ഭരണാനുമതി ഉത്തരവ് 20.07.2024 ലെ സ.ഉ. (സാധാ) നം. 3279/2024/GAD നമ്പർ പ്രകാരം വകുപ്പിൽ നിന്നും പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | **ടി പദ്ധതിക്ക് 20.09.2024 ൽ സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ആയതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പണിംഗ് 09.10.2024 രാവിലെ 11.00 മണിക്ക് നിശ്ചയിച്ചിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ